**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 692** **05-10-2021 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്ക് എൻ.ആർ.ഐ. ഡെപ്പോസിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കേരള ബാങ്ക് വിപുലീകരണവുമായി ബന്ധപ്പെട്ട് എൻ.ആർ.ഐ. ഡെപ്പോസിറ്റ് സ്വീകരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | 2020-21 സാമ്പത്തിക വർഷത്തെ ആഡിറ്റ് പൂർത്തികരിച്ചപ്പോൾ ബാങ്കിന്റെ മൂലധന പര്യാപ്തത 10.18 ശതമാനം ആയി ഉയർന്നിട്ടുണ്ട്. ബാങ്കിന് അവശ്യമായ മൂലധന പര്യാപ്തത കൈവരിച്ചതിനാൽ 18.09.2021-ാം തീയതി എൻ.ആർ.ഇ നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അനുമതിക്കായി RBI യിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. RBI യിൽ നിന്നും അനുകൂലമായ തീരുമാനം പ്രതീക്ഷിക്കുന്നു. |
| (ബി) | കേരള ബാങ്കിന്റെ ഡെപ്പോസിറ്റ് അടിത്തറ ശക്തമാക്കാൻ സ്വീകരിക്കുന്ന നടപടി വ്യക്തമാക്കാമോ? | (ബി) | കേരളാ ബാങ്കിൽ നിലവിൽ 66,731.61 കോടി രൂപയുടെ നിക്ഷേപം ഉണ്ട്. ഇത് മുൻ വർഷം 61,073.59 കോടി രൂപ ആയിരുന്നു. ആകെ നിക്ഷേപത്തിന്റെ 25 ശതമാനം CASA നിക്ഷേപമായി വർധിപ്പിക്കുന്നതിനുള്ള ടാർഗറ്റ് ശാഖകൾക്ക് നൽകിയിട്ടുണ്ട്. അതിന്റെ പുരോഗതി മൂന്ന് മാസത്തിലൊരിക്കൽ ബാങ്ക് വിലയിരുത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ